# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1298 11.02.2016 ലെ മറുപടിയ്ക്ക്

## മിനി സിവിൽസ്റ്റേഷൻ

| ചോദ്യം<br>ശ്രീമതി.പി.അയിഷാ പോറ്റി | ഉത്തരം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
|---|---|
| (എ) കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന്റെ അടങ്കൽ തുക എത്രയാണെന്ന് അറിയിയ്ക്കുമോ;<br>(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി ആരംഭിച്ചത് എന്നാണെന്നും എത്രത്തോളം നിർമ്മാണം പൂർത്തീകരിച്ചുവെന്നും വെളിപ്പെടുത്തുമോ; | (എ) & (ബി) കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം 14.02.2012 ൽ ആരംഭിക്കുകയും, പണി 77 ശതമാനത്തോളം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി കെട്ടിടത്തിന്റെ അടങ്കൽ തുക 9,41,46,041/- രൂപയാണ്. |
| (സി) പ്രസ്തുത മിനി സിവിൽസ്റ്റേഷൻ നിർമ്മാണം മുടങ്ങിയിട്ട് എത്രനാളായി; മുടങ്ങാൻ ഇടയായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ;<br>(ഡി) ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കേസുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ;<br>(ഇ) പ്രസ്തുത മിനി സിവിൽസ്റ്റേഷൻ നിർമ്മാണം പുനരാരംഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) & (ഡി) & (ഇ) കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം 14.08.2014 മുതൽ മുടങ്ങിക്കിടക്കുകയാണ്. കരാറുകാരൻ റേറ്റ് ഉയർത്തിക്കിട്ടാൻ ആവശ്യപ്പെട്ട് ഒരു റിട്ട് ഹർജി കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. കോടതിവിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ ബാക്കി പണികൾ പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂ. |

(signature)

**സെക്ഷൻ ഓഫീസർ**